യാത്രപ്പടി (Travelling Allowance)
ഉദ്യോഗസ്ഥൻമാരെ തരംതിരിക്കൽ
ധന (പി.ആർ.ഐ) വകുപ്പിന്റെ 10-07-2007
(പി) 296/07-ാം നമ്പർ ഉത്തരവ് ഖണ്ഡിക 2 അനുസരിച്ച് 10-07-2007
പ്രാബല്യത്തിൽ വന്ന വ്യവസ്ഥ

യാത്രാപടി കണക്കാക്കുന്നതിന് വേണ്ടി ഉദ്യോഗസ്ഥൻമാരെ നാലു വിഭാഗങ്ങളായി തരം തിരിച്ചിരിക്കുന്നു. ശമ്പളത്തിന്റേയോ പ്രത്യേക പദവിയുടേയോ മാനദണ്ഡമാണ് ഈ തരംതിരിക്കലിൻരെ അടിസ്ഥാനം.

**ഒന്നാം വിഭാഗം (Class 1 Officers)**

**(Daily allowance Rs.150, Mileage allowance 0.80/km, Incidental expenses 0.25/km)**

പ്രതിമാസം 14900 രൂപയോ അതിൽകൂടുതലോ ശമ്പളം വാങ്ങുന്ന ഉദ്യോഗസ്ഥൻമാർ, അഖിലേന്ത്യ സർവ്വീസിൽപ്പെട്ട (ഐ.എ.എസ്., ഐ.പി.എസ്) ഉദ്യോഗസ്ഥൻമാർ ഐ. എ.എസ്., ഐ.പി.എസ് വിഭാഗങ്ങളിൽ ഉൾപ്പെടുത്തിയിരിക്കുന്ന തസ്തികകളിൽ ഉദ്യോഗം വഹിക്കുന്നവർ, വകുപ്പദ്ധ്യക്ഷൻമാർ, ഗവർണ്ണറുടെ അംഗരക്ഷനായി (A.D.C) നിയമിക്കപ്പെടുന്ന പട്ടാളഉദ്യോഗസ്ഥൻമാർ, മന്ത്രിമാരുടേയും നിയമസഭാസ്പീക്കറുടേയും സെക്രട്ടറിമാർ.

**രണ്ടാം വിഭാഗം (Class I1 Officers)**

**(Daily allowance Rs.120, Mileage allowance 0.80/km, Incidental expenses 0.20/km)**

(എ) പ്രതിമാസം 12400 രൂപയോ അതിൽ കൂടുതലോ, എന്നാൽ 14900 രൂപയിൽ കുറവ് ശമ്പളം പറ്റുന്നവരും ഒന്നാം വിഭാഗത്തിൽ ഉൾപ്പെടാത്തവരുമായ ഇദ്യോഗസ്ഥൻമാർ.

**(Daily allowance Rs.120, Mileage allowance 0.80/km, Incidental expenses 0.18/km)**

(ബി) പ്രതിമാസം 8000 രൂപയോ അതിൽകൂടുതലോ എന്നാൽ 12400 രൂപയിൽ കുറവ് ശമ്പളം പറ്റുന്ന ഉദ്യോഗസ്ഥൻമാർ, ഗവർണർ, അഡ്വൈസർ, മന്ത്രി എന്നിവർ സർക്കീട്ടിലായിരിക്കുമ്പോൾ അവരെ അനുഗമിക്കുന്നമൂന്നാം വിഭാഗം ഉദ്യോഗസ്ഥൻമാരെയും യാത്രാപടി കണക്കാക്കുന്നതിന് ഈ വിഭാഗമായി പരിഗണിക്കും.

**മൂന്നാം വിഭാഗം (Class II1 Officers)**

**(Daily allowance Rs.100, Mileage allowance 0.80/km, Incidental expenses 0.15/km)**

5000 രൂപയോ അതിൽ കൂടുതലോ എന്നാൽ 8000 രൂപയിൽകൂടുതൽ പ്രതിമാസം ശമ്പളം ഉള്ളവർ.

**നാലാം വിഭാഗം (Class IV-Last Grade Officers)**

**(Daily allowance Rs.100, Mileage allowance 0.80/km, Incidental expenses 0.15/km)**

5000 രൂപയിൽ കുറവ് ശമ്പളമുള്ളവർ, ശിപായി(Peon), തൂപ്പുക്കാരൻ (Sweeper), തോട്ടി (Scavenger) ,ക്ലീനർ, വാച്ചർ,ഡഫേദാർ മുതലായവരാണ് ലാസ്റ്റ് ഗ്രേഡ് ജീവനക്കാർ. (ധന എക്സ്പെൻ ഡിച്ചർ-ബി) വകുപ്പിന്റെ 2-2-1991 ലെ 15/91-ാം നമ്പർ സർക്കുലർ)

ശമ്പളമെന്നാൽ സ്പെഷൽ പേ. പേഴ്സണൽ പേ. ക്ഷാമ വേതനം (Dearness Pay) ശമ്പളത്തിന്റെ നിർവ്വചനത്തിൽ ഉൾപ്പെടുത്താവുന്നതാണെന്ന് സർക്കാർ പ്രഖ്യാപിച്ചിട്ടുള്ള മറ്റിനങ്ങൾ ഇവയെല്ലാം കൂടി ചേർന്നുള്ള തുകയാണ് ഇവിടെ വിവക്ഷ.